98
7-1-17

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഭ / മുൻസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ച 24/04/2013 ലെ ജി.ഒ.(എം.എസ്) നം.160/2013/തസ്വഭവ ഉത്തരവിലെ പെൻഷൻ കുടിശ്ശികയുടെ പ്രാബല്യ തീയതി സംബന്ധിച്ച അപാകത പരിഹരിച്ച് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ.(എം.എസ്) നം. 7/2017/തസ്വഭവ തിരുവനന്തപുരം, തീയതി: 06/01/2017

---

പരാമർശം:- 1) 24/04/2013 ലെ ജി.ഒ.(എം.എസ്) നം.160/2013/തസ്വഭവ

2) കേരള ലോക്കൽ സെൽഫ് സർവ്വീസ് പെൻഷണേഴ്സ് അസോസിയേഷന്റെ 22/07/2013 തീയതിയിലെ നിവേദനം.

3) നഗരകാര്യ ഡറക്ടറുടെ 19/12/2016 തീയതിയിലെ ഇ 2-18339/2011 നമ്പർ കത്ത്.

## ഉത്തരവ്

നഗരസഭ / മുൻസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ച് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട അധിക സാമ്പത്തിക ബാദ്ധ്യത അതാത് നഗരസഭകൾ / മുൻസിപ്പാലിറ്റികൾ വഹിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി പെൻഷൻ കുടിശ്ശികയ്ക്ക് 01/04/2010 മുതൽ പ്രാബല്യം നൽകിയിരുന്നു. എന്നാൽ ടി തീരുമാനപ്രകാരം ഓരോ കണ്ടിജന്റ് പെൻഷണർക്കും 10,000/- രൂപയ്ക്ക് മേൽ നഷ്ടമുണ്ടാകുമെന്നും, റെഗുലർ സർവ്വീസ് പെൻഷൻകാരുടെയും സംസ്ഥാനത്തെ മറ്റ് വകുപ്പുകളിലെ ജീവനക്കാരുടെയും പെൻഷൻ പരിഷ്കരണത്തിൽ പെൻഷൻ കുടിശ്ശികയ്ക്ക് 01/07/2009 മുതൽ പ്രാബല്യം നൽകിയിട്ടുള്ള സാഹചര്യത്തിൽ, ഒന്നാം പരാമർശിത ഉത്തരവിലെ അപാകത പരിഹരിച്ച് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം കേരള ലോക്കൽ സെൽഫ് സർവ്വീസ് പെൻഷണേഴ്സ് അസോസിയേഷൻ സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

2) ടി വിഷയത്തിന്മേൽ സംസ്ഥാനത്താകെയുള്ള നഗരസഭ / കോർപ്പറേഷനുകളുടെ അഭിപ്രായം ആരാഞ്ഞതിൽ 4 നഗരസഭകൾ അധിക സാമ്പത്തിക ബാദ്ധ്യത വഹിക്കുന്നതിനുള്ള ബുദ്ധിമുട്ട് അറിയിച്ചിട്ടുള്ളതായി പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭ / മുൻസിപ്പാലിറ്റികളിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി ശുചീകരണ ജോലികൾ ചെയ്യു കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ കുടിശ്ശികയ്ക്ക് 01/07/2009 മുതലുള്ള പ്രാബല്യം നിഷേധിക്കുന്നത് സാമാന്യ നീതിയുടെ ലംഘനമായതിനാലും, നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും ശമ്പളവും പെൻഷനും നൽകുന്ന റെഗുലർ വിഭാഗം ജീവനക്കാരുടെ കാര്യത്തിൽ ഇത്തരമൊരു വിവേചനമുള്ളതായി കാണാത്തതിനാലും, ഒന്നാം പരാമർശിത ഉത്തരവിലെ പെൻഷൻ കുടിശ്ശികയുടെ പ്രാബല്യ തീയതി സംബന്ധിച്ച അപാകത പരിഹരിച്ച്, പെൻഷൻ കുടിശ്ശികയുടെ പ്രാബല്യ തീയതി 01/04/2010 എന്നതിനു പകരം 01/07/2009 എന്ന് മാറ്റി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഒന്നാം പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടുകൂടി നിലനിൽക്കുന്നതാണ്.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**

ടി.കെ.ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനനതപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്

ഡയറക്ടർ, കില, തൃശ്ശൂർ

നഗരകാര്യ വകുപ്പ് റീജീയണൽ ജോയിന്റ് ഡയറക്ടർ
(കൊല്ലം / കൊച്ചി / കോഴിക്കോട്)

എല്ലാ നഗരസഭ / കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ടോട്ടൽ സാനിട്ടേഷൻ മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, കേരള ലോക്കൽ സെൽഫ് സർവ്വീസ് പെൻഷണേഴ്സ് അസോസിയേഷൻ
രജി.നം.എ-762/2011, ആലപ്പുഴ ജില്ലാ കമ്മിറ്റി

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ

(ഈ ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

പൊതുഭരണ (എസ്.സി.) വകുപ്പ് ( 04/01/2017 ലെ ഇനം നമ്പർ.608 പ്രകാരം)

ധനകാര്യ വകുപ്പ് (File No.WWW1/114/2014-FIN dated 16/10/2015 പ്രകാരം)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

43

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 04-01-2017

ഫയൽ നം.9765/ഇയു3/2014/തസ്വഭവ. ഇനം നം: 608

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഭ/മുനിസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്ക്കരിച്ച 24.04.2013-ലെ ജി.ഒ.(എം.എസ്.) നം.160/13/തസ്വഭവ. ഉത്തരവിലെ പെൻഷൻ കുടിശ്ശികയുടെ പ്രാബല്യ തീയതി സംബന്ധിച്ച അപാകത പരിഹരിച്ച് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.

5/1/17

| | |
|---|---|
| | |
| | |
| | |
| | |
| | |

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : 9765/ഇയു3/14/തസ്വഭവ. |
| 2 | വകുപ്പ് | : തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ് |
| 3 | വിഷയം | : നഗരസഭ/മുനിസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്ല്യങ്ങൾ പരിഷ്ക്കരിച്ച 24.04.2013 ലെ ജി.ഒ (എം.എസ്)നം.160/13/തസ്വഭവ ഉത്തരവിലെ പെൻഷൻ കുടിശ്ശികയുടെ പ്രാബല്യ തീയതി സംബന്ധിച്ച അപാകത പരിഹരിച്ച് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 25.12.2016 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യത യുള്ളതാണോ ? | : അതെ |
| | (ii) ആണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തി നുള്ളകുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ ? | : ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീ. രമേശൻ.എം.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : ശ്രീ. റ്റി. കെ. ജോസ്.ഐഎഎസ്. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 30/12/2016 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. എസ്.എം. വിജയാനന്ദ് ഐഎഎസ്. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 31/12/2016 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ഡോ. കെ.റ്റി. ജലീൽ |
| 13 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 03/01/2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 03/01/2017 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

നഗരസഭ/മുനിസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ച 24.04.2013 ലെ ജി.ഓ (എം.എസ്) നം.160/13/തസ്വഭവ ഉത്തരവിലെ പെൻഷൻകുടിശ്ശികയുടെ പ്രാബല്ല്യ തിയതി സംബന്ധിച്ച അപാകത പരിഹരിച്ച് പെൻഷൻകുടിശ്ശികയുടെ പ്രാബല്ല്യ തിയതി 01.04.2010 എന്നതിന് പകരം 01.07.2009 എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. നഗരസഭാ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്ല്യങ്ങൾ പരിഷ്കരിച്ച 24.04.2013 ലെ ജി.ഓ (എം.എസ്)നം.160/13/തസ്വഭവ ഉത്തരവിൽ അധിക സാമ്പത്തിക ബാദ്ധ്യത അതാത് നഗരസഭകൾ വഹിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി പെൻഷൻ കുടിശ്ശികയും 01.04.2010 മുതൽ പ്രാബല്യം നൽകി ഉത്തരവായിരുന്നു. എന്നാൽ ടി തീരുമാന പ്രകാരം വൃദ്ധരായ ഓരോ കണ്ടിജന്റ് പെന്‌ഷനർക്കും 10,000/- രൂപയ്ക്ക് മേൽ നഷ്ടമുണ്ടാകുമെന്നും, റെഗുലർ സർവ്വീസ് പെൻഷൻകാരുടെയും സംസ്ഥാനത്തെ മറ്റു വകുപ്പുകളിലെ ജീവനക്കാരുടെയും പെൻഷൻ പരിഷ്കരണത്തിൽ പെൻഷൻ കുടിശ്ശികയ്ക്ക് 01.07.2009 മുതൽ പ്രാബല്യം നൽകിയിട്ടുള്ള സാഹചര്യത്തിൽ ജി.ഒ.(എം.എസ്) നം.160/13/തസ്വഭവ. നമ്പർ ഉത്തരവിലെ അപാകത പരിഹരിച്ച് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കേരളാ ലോക്കൽ സർവ്വീസ് പെൻഷണേഴ്സ് അസോസിയേഷൻ 22.07.2013 ന് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

3. പ്രസ്തുത വിഷയത്തിന്മേലുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:

"പെൻഷൻ പരിഷ്കരണം മൂലം ഉണ്ടാകുന്ന ബാദ്ധ്യത അതത് നഗരസഭകൾ തന്നെ വഹിക്കണം എന്ന നിബന്ധനയോടു കൂടിയാണ് 24.04.2013 തീയതിയിലെ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് എന്നതിനാൽ പെൻഷൻ കുടിശ്ശികയുടെ പ്രാബല്യ തീയതി 01.04.2010-ൽ നിന്നും 01.07.2009 ആക്കുന്ന വിഷയത്തിൽ

നഗരസഭ/മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് നയപരമായ തീരുമാനം എത്രയും വേഗം കൈക്കൊള്ളുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു."

4. ടി വിഷയത്തിന്മേൽ സംസ്ഥാനത്താകെയുള്ള നഗരസഭ/കോർപ്പറേഷനുകളുടെ അഭിപ്രായം ആരാഞ്ഞതിൽ 4 നഗരസഭകൾ അധിക സാമ്പത്തിക ബാദ്ധ്യത വഹിക്കുന്നതിനുള്ള ബുദ്ധിമുട്ട് അറിയിച്ചിട്ടുള്ളതായി നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ജീവിതത്തിന്റെ നല്ലകാലം മുഴുവൻ മാലിന്യ നിർമ്മാർജനത്തിനായി ശുചീകരണ ജോലികൾ ചെയ്ത ഈ വിഭാഗത്തിന്റെ പെൻഷൻ നിഷേധിക്കുന്നത് സാമാന്യ നീതിയുടെ ലംഘനമായതിനാലും, നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും ശമ്പളവും പെൻഷനും നൽകുന്ന റെഗുലർ വിഭാഗം ജീവനക്കാരുടെ കാര്യത്തിൽ ഇത്തരമൊരു വിവേചനമുള്ളതായി കാണാത്തതിനാലും ജി.ഒ. (എം.എസ്)

നം.160/13/തസ്വഭവ നമ്പർ ഉത്തരവിലെ പെൻഷൻ കുടിശ്ശികയുടെ പ്രാബല്യത്തീയതി 01.04.2010 എന്നതിനു പകരം 01.07.2009 എന്നു മാറ്റി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കാമോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കു സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

നഗരസഭ/മുനിസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ച 24.04.2013 ലെ ജി.ഒ(എം.എസ്) നം.160/13/തസ്വഭവ ഉത്തരവിലെ പെൻഷൻകുടിശ്ശികയുടെ പ്രാബല്ല്യ തീയതി സംബന്ധിച്ച അപാകത പരിഹരിച്ച് പെൻഷൻകുടിശ്ശികയുടെ പ്രാബല്ല്യ തീയതി 01.04.2010 എന്നതിന് പകരം 01.07.2009 എന്ന് മാറ്റി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കാമോ?

**GOVERNMENT OF KERALA**
**(Shri. Pinarayi Vijayan Ministry)**

Note for the Council of Ministers

| | | | |
|---|---|---|---|
| 1 | File No | : | 9765/EU3/14/LSGD |
| 2 | Department | : | Local Self Govt. (EU) Department |
| 3 | Subject | : | Rectification of anomaly in the date of effect of pension arrears in GO(Ms)No. 160/13/LSGD dated 24.04.2013 in which the pensionary benefits of the contingent workers of the Municipalities /Corporation was revised– Modified orders – reg. |
| 4 | Date of Chief Minister's order for placing before the Council | : | 25/12/16 |
| 5 | (i) Does the case involve financial commitments/implications | : | Yes. |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Yes. |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the note for the Council ? | : | No. |
| 7 | Name of Joint Secretary who submitted the Draft Note | : | Shri. Remesan. M.K. |
| 8 | Name of Principal Secretary who approved the Draft Note | : | Shri. T.K. Jose IAS |
| 9 | Date of approval of the Draft Note for the Council by the Special Secretary | : | 30/12/2016 |
| 10 | Name of Chief Secretary who approved the Draft Note | : | Shri. S.M. Vijayanand IAS |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 31/12/16 |
| 12 | Name of Minister who approved the Draft Note | : | Dr. K.T. Jaleel |
| 13 | Date of approval of the draft Note for the Council by the Minister | : | 03/01/17 |
| 14 | Date of submission of fair copies | : | 03/01/17 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./letter communicating the decision | | |

## NOTE FOR THE COUNCIL OF MINISTERS

This note deals with the issuance of modified orders to rectify the anomaly in the date of effect of pension arrears in GO(Ms)No. 160/13/LSGD dated 24.04.2013, in which the pensionary benefits of the contingent workers of the Municipalities /Corporation was revised, by changing the date of effect of pension arrears as 01.07.2009 instead of 01.04.2010.

2. The pensionary benefits of the contingent workers of the Municipalities /Corporation was revised as per GO(Ms)No. 160/13/LSGD dated 24.04.2013 in which pension arrears was given effect from 01.04.2010, on condition that the additional financial liability shall be met by the concerned municipality. The Local Self Service Pensioners Association had submitted a representation dated 22.07.2013 before Government pointing out that due to such a decision each contingent pensioner has to suffer a loss of more than Rs.10,000/- and also that the pension arrears had effect from 01.07.2009 in the pension revision orders of regular service pensioners and the pensioners of other departments of State Government and hence requested to issue modified orders to rectify this anomaly by revising the date of effect of pension arrears as 01.07.2009 instead of 01.04.2010.

3.The remarks of the Finance Department in the matter is as follows:

"പെൻഷൻ പരിഷ്കരണം മൂലം ഉണ്ടാകുന്ന ബാദ്ധ്യത അതത്

നഗരസഭകൾ തന്നെ വഹിക്കണം എന്ന നിബന്ധനയോടു കൂടിയാണ് 24.04.2013 തീയതിയിലെ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് എന്നതിനാൽ പെൻഷൻ കുടിശ്ശികയുടെ പ്രാബല്യ തീയതി 01.04.2010-ൽ നിന്നും 01.07.2009 ആക്കുന്ന വിഷയത്തിൽ നഗരസഭ/മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് നയപരമായ തീരുമാനം എത്രയും വേഗം കൈക്കൊള്ളുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു."

4. The Director of Urban Affairs has reported that on obtaining the remarks of the all the Municipality/Corporation in the matter, 4 Municipalities had informed their difficulty in meeting the additional financial burden. The denial of pensionary benefits for a period of 9 months to the sanitary workers who had spent most of their life for the removal of waste is against natural justice and moreover no discrimination is seen in the case of regular employees whose salary and pension is met from the own fund of the Municipalities, file was circulated to Hon'ble Chief Minister for orders whether the date of effect of pension arrears mentioned GO(Ms)No. 160/13/LSGD dated 24.04.2013 may be modified by changing the date of effect of pension arrears as on 01.07.2009 instead of 01.04.2010.

5. The Hon'ble Chief Minister has ordered to place the matter before the Council of Ministers.

-

# Point for decision

Whether modified orders may be issued to rectify the anomaly in the date of effect of pension arrears in GO(Ms)No. 160/13/LSGD dated 24.04.2013, in which the pensionary benefits of the contingent workers of the Municipalities /Corporation was revised, by changing the date of effect of pension arrears as 01.07.2009 instead of 01.04.2010 ?